**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4947 — 27.10.2016- ൽ മറുപടിയ്ക്ക്

## പുഴയോര കയ്യേറ്റങ്ങൾ

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലക്കുടിപ്പുഴയോരത്ത് വ്യാപകമായി പുഴയോര കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പൊതുസ്ഥലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) കേരള ഭൂസംരക്ഷണ നിയമ പ്രകാരം പൊതുസ്ഥലം സംരക്ഷിക്കുന്നതിനാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് |
| (സി) തുമ്പൂർമുഴിയിൽ റിവർ ഡൈവേർഷൻ സ്കീമിനടുത്തായി പുറമ്പോക്ക് സ്ഥലങ്ങൾ സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും കയ്യേറുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിനും, പ്രസ്തുത പൊതുസ്ഥലങ്ങൾ സംരക്ഷിച്ച് അതിരപ്പള്ളിയിൽ അനുവദിച്ചിട്ടുള്ള ഫയർസ്റ്റേഷൻ അടക്കമുള്ള വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) പൊതുമരാമത്ത് (റോഡ്സ്) വിഭാഗം, ഇറിഗേഷൻ വിഭാഗം, പഞ്ചായത്ത് അധികൃതർ തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകൾ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിച്ചെടുത്ത് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ